No. CEE4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനവസരം

2020–21 അദ്ധ്യയന വർഷത്തെ രണ്ട് ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിനുശേഷം സംസ്ഥാനത്തെ ബി.ഡി.എസ് കോഴ്സിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ അഖിലേന്ത്യാ ദന്തൽ കൗൺസലിംഗിന്റെ 09.12.2020 ലെ No.DE.22(16)-2020 നമ്പർ വിജ്ഞാപനപ്രകാരം രണ്ട് ഘട്ടമായി മോപ്–അപ് കൗൺസിലിംഗ് നടത്തുന്നതാണ്. കോവിഡ്–19 ന്റെ പ്രത്യേക പശ്ചാത്തലത്തിൽ മോപ് അപ്പ് കൗൺസിലിംഗ് ഓൺലൈനായി നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും **17.12.2020** മുതൽ **20.12.2020** ഉച്ചയ്ക്ക് **1.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയവരെയും, സർക്കാർ ദന്തൽ കോളേജിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം നേടിയവരെയും മോപ്–അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ **20.12.2020** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് മോപ് അപ്പ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ ഓപ്ഷനുകളും മോപ്–അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. അതുപോലെ അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും ഓൺലൈൻ മോപ്–അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. ഓൺലൈൻ മോപ്–അപ്പ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'Mop-Up Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **17.12.2020** മുതൽ **20.12.2020** ഉച്ചയ്ക്ക് **1.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. **20.12.2020** ഉച്ചയ്ക്ക് **1.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ബി.ഡി.എസ് കോഴ്സിന്റെ ആദ്യഘട്ട ഓൺലൈൻ മോപ് അപ്പ് അലോട്ട്മെന്റ് **22.12.2020** ന് പ്രസിദ്ധീകരിക്കുന്നതാണ്. മോപ് അപ്പ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) **23.12.2020** മുതൽ **28.12.2020** വൈകുന്നേരം **4.00** മണി വരെയുള്ള തീയതികളിൽ ഓൺലൈൻ പോയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ ഒടുക്കേണ്ടതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള കോളേജുകളിൽ **23.12.2020** മുതൽ **28.12.2020** വൈകുന്നേരം **4.00** മണി വരെയുള്ള തീയതികളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. മോപ് അപ് അലോട്ട്മെന്റിലൂടെ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. **17.12.2020** മുതൽ **20.12.2020,** ഉച്ചയ്ക്ക് **1.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ട മോപ് അപ്പ് കൗൺസിലിംഗ് പിന്നീട് നടത്തുന്നതായിരിക്കും. ആയതിനാൽ താത്പര്യമുള്ള എല്ലാ ദന്തൽ കോളേജിലേക്കും ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം

ബി.ഡി.എസ് കോഴ്സിൽ നിലവിൽ അഡ്മിഷനുള്ള വിദ്യാർത്ഥിക്ക് മോപ് അപ് കൗൺസിലിംഗിലൂടെ പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലുള്ള ബി.ഡി.എസ് അഡ്മിഷൻ റദ്ദാകുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മോപ്-അപ്പ് കൗൺസലിംഗ് സംബന്ധിച്ച മാർഗ നിർദ്ദേശങ്ങൾ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം നേടിയവരെയും, സർക്കാർ ദന്തൽ കോളേജിൽ ബി.ഡി.എസ് കോഴ്സിന് പ്രവേശനം നേടിയവരെയും മോപ്-അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. പ്രവേശന പരീക്ഷാ കമ്മീഷണർ **20.12.2020** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ് കോഴ്സിന് മോപ് അപ്പ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഓൺലൈൻ ഓപ്ഷനുകളും മോപ്-അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല. അതുപോലെ അഖിലേന്ത്യാ കൗൺസലിംഗിലൂടെ പ്രവേശനം നേടിയ വിദ്യാർത്ഥികളെയും ഓൺലൈൻ മോപ്-അപ്പ് കൗൺസലിംഗിൽ പരിഗണിക്കുന്നതല്ല.

സ്വാശ്രയ ഡെന്റൽ കോളേജിൽ അഡ്മിഷൻ ലഭിച്ചവർക്ക് മോപ് അപ് കൗൺസിലിംഗിന് സർക്കാർ ഡെന്റൽ കോളേജുകളിലേക്ക് മാറ്റം അനുവദനീയമാണ്. ഒരു സ്വാശ്രയ കോളേജിലെ എൻ.ആർ.ഐ സീറ്റിൽ നിന്നും അതേ കോളേജിലെയോ മറ്റു സ്വാശ്രയ കോളേജിലെയോ, ഗവൺമെന്റ് /മൈനോറിറ്റി സീറ്റിലേയ്ക്ക് മാറ്റം അനുവദനീയമാണ്.

## അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| **17.12.2020** | ഓൺലൈൻ മോപ് അപ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| **20.12.2020** (ഉച്ചയ്ക്ക് **1.00** മണി) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **22.12.2020** | ആദ്യഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **23.12.2020** മുതൽ **28.12.2020** വൈകുന്നേരം **4.00** മണി വരെ വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക **23.12.2020 മുതൽ 28.12.2020** വരെയുള്ള തീയതികളിൽ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ കേരളത്തിലെ ഏതെങ്കിലും ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരമോ (ബാധകമെങ്കിൽ) ഒടുക്കേണ്ടതാണ്. ഫീസ്/ ബാക്കി തുക അടച്ചതിനു ശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **28.12.2020,** വൈകുന്നേരം **5.00** മണി വരെ | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**ഫീസ് സംബന്ധിച്ച വിവരങ്ങൾ**

- ബി.ഡി.എസ് കോഴ്സിന്റെ ഫീസ് സംബന്ധമായ വിവരം വെബ്സൈറ്റിൽ ലഭ്യമാണ്. അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഒടുക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്.
- ബി.ഡി.എസ് കോഴ്സിന് പുതുതായി പ്രവേശനം ലഭിക്കുന്ന എസ്.സി. /എസ്.റ്റി. /ഒ.ഇ.സി /രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾ എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, G.O.(Ms)No.25/2005/SCSTDD, തീയതി: 20.06.2005, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ എൻ.ആർ.ഐ/ മൈനോറിറ്റി സീറ്റിലേയ്ക്ക് അഡ്മിഷൻ നേടുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗക്കാർ, ഫീസ് ആനുകൂല്യത്തിന് അർഹരായ മറ്റുള്ളവർ ഉൾപ്പെടെ പ്രസ്തുത സീറ്റിലേയ്ക്കുള്ള ഫീസ് അടയ്ക്കേണ്ടതാണ്.
- മുൻ കീം അലോട്ട്മെന്റുകളിലൂടെ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവർ ബി.ഡി.എസ് സീറ്റി ലേയ്ക്ക് മാറുന്ന പക്ഷം അധികമായി അടയ്ക്കേണ്ട തുകയുണ്ടെങ്കിൽ അതിന് തുല്യമായ തുക ഒടുക്കിയാൽ മതിയാകും. എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ,

ഫാർമസി, കോഴ്സുകളിൽ അഡ്മിഷൻ നേടിയിരിക്കുന്നവർ മുൻ കീം അലോട്ട്മെന്റുകളിലൂടെ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക ഇതിനായി പരിഗണിക്കുന്നതല്ല.

## കുറിപ്പ്

- മോപ് അപ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുളള ഫീസ് (ബാധകമെങ്കിൽ) ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.
- **17.12.2020** മുതൽ **20.12.2020,** ഉച്ചയ്ക്ക് **1.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകൾ പരിഗണിച്ച് രണ്ടാം ഘട്ട മോപ് അപ്പ് കൗൺസിലിംഗ് പിന്നീട് നടത്തുന്നതായിരിക്കും. ആയതിനാൽ ഈ ഘട്ടത്തിൽ തന്നെ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന എല്ലാ ദന്തൽ കോളേജിലേയ്ക്കും വിദ്യാർത്ഥികൾ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**



തിരുവനന്തപുരം
18.12.2020

**പ്രവേശന പരീക്ഷാ കമ്മീഷണർ**